LIBRARY ARCHIVES Kerala Legislative Assembly

ബ്രഹ്മപുരം ഡീസൽ നിലയവുമായി ബന്ധപ്പെട്ട ആക്ഷേപം

17 [328] *ശ്രീ. ജോണി നെല്ലൂർ:*

„ *ആർ. ബാലകൃഷ്ണപിള്ള:*

„ *ടി. എം. ജേക്കബ്:*

„ *കെ. ബി. ഗണേഷ് കുമാർ:*

„ *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം, മലങ്കര, മൂലമറ്റം, കല്ലട എന്നീ പ്രോജക്ടുകളിൽ ഓരോന്നിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എത്രയാണ്;

(ബി) ബ്രഹ്മപുരം ഡീസൽ നിലയ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന ആരോപണത്തെക്കുറിച്ച് ഏതെല്ലാം തലത്തിലുള്ള അന്വേഷണമാണ് നടന്നത്;

(സി) ആർക്കെല്ലാം എതിരായിട്ടാണ് അന്വേഷണം നടന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബ്രഹ്മപുരം — 106.6 മെഗാവാട്ട് (234.03 മില്ല്യൺ യൂണിറ്റ്)
മലങ്കര — 10.50 മെഗാവാട്ട് (65 മില്ല്യൺ യൂണിറ്റ്)
മൂലമറ്റം — 780 മെഗാവാട്ട് (2398 മില്ല്യൺ യൂണിറ്റ്)
കല്ലട — 15 മെഗാവാട്ട് (53 മില്ല്യൺ യൂണിറ്റ്)

(ബി) ഇത് സംബന്ധിച്ച് സ്റ്റേറ്റ് വിജിലൻസ് ഒരു കേസ് എടുത്തിട്ടുണ്ട്.

(സി) അന്വേഷണം പൂർത്തിയായാലേ വിശദാംശങ്ങൾ വ്യക്തമാവൂ.

പന്തളം 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം

18 [329] *ശ്രീ. കെ. കെ. ഷാജു :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് വിവരങ്ങൾ വിശദമാക്കുമോ;

(ബി) സമയബന്ധിതമായി ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;